# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## ദൈവസ്വരത്തിനായി ട്യൂൺ ചെയ്യുക



ഞായറാഴ്ച ഉച്ചയ്ക്ക് ഫ്രാൻസിസ്പാപ്പാ തന്റെ പതിവ് 'കർത്താവിന്റെ മാലാഖ' വേളയിലെ സന്ദേശത്തിൽ വത്തിക്കാൻചത്വരത്തിൽ എത്തിയ വിശ്വാസികളോട് പറ ഞ്ഞത് ദൈവത്തോട് 'ട്യൂൺ' ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ്. യേശുവിന്റെ രൂപാന്തരീകരണത്തെക്കുറിച്ചുള്ള അന്നത്തെ സുവിശേഷഭാഗത്തിൽ അധിഷ്ഠിതമായി രുന്നു അദ്ദേഹത്തിന്റെ വിചിന്തനം.

തന്റെ പ്രഭാഷണത്തിൽ മൂന്നു സുപ്രധാനകാര്യങ്ങൾക്ക് പ. പിതാവ് ഊന്നൽ നൽകി 1. വചനം ശ്രദ്ധയോടെ ശ്രവിക്കേണ്ടതിന്റെ പ്രാധാന്യം 2. ശിഷ്യരോടൊപ്പം യേശു മലയുടെ മുകളിലേയ്ക്കു പോയതിന്റെയും താഴേയ്ക്കു വന്നതിന്റെയും പൊരുൾ 3. ആരോടും പറയരുതെന്ന നിർദ്ദേശം.

"മല ദൈവവുമായുള്ള അടുത്ത സഹവാസത്തിന്റെ പ്രതീകമാണ്. പ്രാർത്ഥന യുടെ ദൈവസാന്നിധ്യത്തിന്റെ വേദി" പാപ്പാ പറഞ്ഞു."യേശുശിഷ്യരായ നാം അവി ടുത്തെ സ്വരം ശ്രവിക്കുവാനും അർഹമായ പ്രാധാന്യത്തോടെ അതുൾക്കൊള്ളു വാനും വിളിക്കപ്പെട്ടവരാണ്. അവിടുത്തെ ശ്രവിക്കണമെങ്കിൽ നാം അവിടുത്തെ അനുഗമി ക്കണം."

അദ്ദേഹം തുടർന്നു:"ഏകാഗ്രതയുടെ, നിശ്ശബ്ദതയുടെ, മലമുകളിലാണ് ദൈവ സ്വരം വ്യക്തമായി കേൾക്കാൻ കഴിയുക. എന്നാൽ നമുക്കവിടെ തങ്ങാൻ കഴിയില്ല. പ്രാർത്ഥനയിൽ നാം കണ്ടെത്തുന്ന, നമ്മോടു സംസാരിക്കുന്ന ദൈവം നമ്മെ താമസംവിനാ, താഴ്‌വരയിലേക്ക് നയിക്കുന്നു. അവിടെ വേദനയിലും, തളർച്ചയിലും കഴിയുന്ന ധാരാളം സഹോദരീസഹോദരന്മാരെ നാം കണ്ടെത്തും." ദൈവാനുഭവത്തി ന്റെ ഫലങ്ങൾ-അനുഗ്രഹസമ്പത്ത്-അവരുമായി നാം പങ്കുവക്കണം. അതിനായാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

വളരെ പ്രായോഗികമായ ഒരു കൊച്ചുനിർദ്ദേശവും വിശ്വാസികൾക്ക് അദ്ദേഹം നൽകി."സുവിശേഷം എപ്പോഴും കയ്യിൽ കൊണ്ടുനടക്കുക; ഇടയ്ക്കൊക്കെ അതിൽ നിന്ന് ഏതാനും വാക്യങ്ങൾ വായിക്കുക" അദ്ദേഹം നിർദ്ദേശിച്ചു.

"മറക്കരുത്. ഈ ആഴ്ച യേശുവിനെ ശ്രവിക്കുക. അടുത്ത ആഴ്ച എന്നോട് പറയണം. ഗുവിശേഷം

നിങ്ങളുടെ പോക്കറ്റിലോ ബാഗിലോ കൊണ്ടുനടന്ന് വായിക്കാൻ തുടങ്ങിയോ എന്ന്" പാപ്പാ ഓർമ്മിപ്പിച്ചു.